**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 152

23.01.2018 ൽ
മറുപടിയ്ക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുന്നതിന് 2017 ഫെബ്രുവരി 2-ന് തിരുവനന്തപുരം റൂറൽ എസ്.പി. യ്ക്ക് എം.എൽ.എ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റിൽ അംഗസംഖ്യ അനുവദിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷന്റെ അംഗസംഖ്യ കുറവായതിനാലും അടിയന്തര ലാ ആന്റ് ഓർഡർ ഡ്യൂട്ടി, കോടതി ഡ്യൂട്ടി, ട്രാഫിക് ഡ്യൂട്ടി ഉൾപ്പെടെയുള്ള മറ്റ് അത്യാവശ്യ ദൈനംദിന ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതായിട്ടുള്ളതിനാൽ തുടർച്ചയായി എയ്ഡ് പോസ്റ്റ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് മുന്നിലായി ട്രാഫിക്/എയ്ഡ് ഡ്യൂട്ടിക്കായി എല്ലാ ദിവസവും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്. |
| (ബി) പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിന് അടിയന്തിര നടപടി ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ, ഡി.ജി.പി. യ്ക്ക് 03.01.2018-ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ എയ്ഡ് പോസ്റ്റിൽ അംഗബലം അനുവദിക്കാൻ നെയ്യാറ്റിൻകര ഡി.വൈ.എസ്.പിക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2017 ജനുവരി മുതൽ 2017 ഡിസംബർ വരെ ജീവനക്കാർക്കും രോഗികൾക്കു-മെതിരെ എതെങ്കിലും തരത്തിൽ അക്രമങ്ങൾ നടന്നിട്ടുണ്ടോ ; എങ്കിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ? | (സി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രി-യിൽ ഡ്യൂട്ടി ഡോക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയതിനും ആശുപത്രി സെക്യൂരിറ്റി ജീവനക്കാരനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും 2017 ജനുവരി മുതൽ ഡിസംബർ വരെ 160/17, 2240/17 എന്നീ രണ്ടു ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ കേസിൽ 9 പ്രതികളേയും രണ്ടാമത്തെ കേസിൽ ഒരു പ്രതിയേയും അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതും കുറ്റപത്രം കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ